# കേരള സർവകലാശാല

നം.പി.ആർ.95/2020

ഫോൺ:2305738

## പരീക്ഷാകേന്ദ്രങ്ങൾ

2020 ജൂൺ 8 ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 അഡ്മിഷൻ) പരീക്ഷകൾക്ക് ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ വിദൂരവിദ്യാഭ്യാസ കേന്ദ്രം (എസ്.ഡി.ഇ) കാര്യവട്ടത്തും ടി.കെ.എം കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.ടി.എം.വി.എച്ച്.എസ്.എസ്. കടപ്പാക്കട, കൊല്ലത്തും, എസ്.എൻ.കോളേജ്, ചേർത്തല, എം.എസ്.എം കോളേജ്, കായംകുളം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും ഐഡന്റിറ്റി കാർഡുമായി പരീക്ഷാകേന്ദ്രത്തിൽ എത്തേണ്ടതാണ്.

2020 ജൂൺ 6 ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (വിദൂരവിദ്യാഭ്യാസം - 2017 അഡ്മിഷൻ) പരീക്ഷകൾക്ക് ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കാര്യവട്ടത്തും വിദൂരവിദ്യാഭ്യാസ കേന്ദ്രം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ അവിടെത്തന്നെയും, ടി.കെ.എം. കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.ടി.എം.വി.എച്ച്.എസ്.എസ്. കടപ്പാക്കട, കൊല്ലത്തും, എം.എസ്.എം കോളേജ്, കായംകുളം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം ആലപ്പുഴയിലും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും തിരിച്ചറിയൽ കാർഡുമായി പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിളും പരീക്ഷാകേന്ദ്രങ്ങളുടെ വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂൺ 8 മുതൽ ആരംഭിക്കുന്ന (വിദൂരവിദ്യാഭ്യാസകേന്ദ്രം) ബി.എ ബിരുദ അഞ്ചും ആറും സെമസ്റ്റർ (2017 അഡ്മിഷൻ) പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, എം.ജി കോളേജ്, തിരുവനന്തപുരം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തും ഗവ.കോളേജ്, നെടുമങ്ങാട്, ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട, വി.ടി.എം.എൻ.എസ്.എസ് കോളേജ്, ധനുവച്ചപുരം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ജോൺ കോക്സ് മെമ്മോറിയൽ കോളേജ്, കണ്ണമ്മൂലയിലും ഗവ.കോളേജ്, ആറ്റിങ്ങൽ, എസ്.എൻ കോളേജ്, വർക്കല എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, ആറ്റിങ്ങലിലും ടി.കെ.എം.കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കർമലറാണി ട്രെയിനിംഗ് കോളേജ്, കൊല്ലത്തും സെന്റ്.ജോൺസ് കോളേജ്, അഞ്ചൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യു.ഐ.എം പുനലൂരും എസ്.ജി കോളേജ്, കൊട്ടാരക്കര പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ.ഗവ.എച്ച്.എസ്.കുളക്കട, കൊല്ലത്തും എസ്.എൻ കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ.ഗവ.എച്ച്.എസ്.ഫോർ ബോയിസ് തേവള്ളി, കൊല്ലത്തും എം.എസ്.എം കോളേജ്, കായംകുളം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ.ഗവ.എച്ച്.എസ്.ഫോർ ബോയിസ്, കായംകുളത്തും എസ്.ഡി കോളേജ്, ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്,പാറ്റൂരും(ആലപ്പുഴ) എസ്.ഡി.ഇ പാളയം/കാര്യവട്ടം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ കുമാരപുരത്തും പരീക്ഷ എഴുതേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ടൈംടേബിൾ

2020 ജൂൺ 8 ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 അഡ്മിഷൻ), ബി.എ ബിരുദം (വിദൂരവിദ്യാഭ്യാസം) എന്നീ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂൺ 3 ന് ആരംഭിച്ച പാർട്ട് മൂന്ന് ബി.കോം ആന്വൽ (പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ജൂൺ 8, 10 എന്നീ തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ യഥാക്രമം ജൂൺ 9, 11 എന്നീ തീയതികളിലും രണ്ടാം വർഷ പരീക്ഷകൾ ജൂൺ 15 നും ഒന്നാം വർഷ പരീക്ഷകൾ ജൂൺ 23 നും പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

അവസാന വർഷ പരീക്ഷാകേന്ദ്രങ്ങളിലും സമയത്തിലും മാറ്റമില്ല. രണ്ട്, ഒന്ന് വർഷങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലുള്ള മാറ്റം പിന്നാലെ അറിയിക്കുന്നതാണ്.

2020 ജൂൺ 8 ന് നടത്തുന്ന ബി.കോം എസ്.ഡി.ഇ (2017 അഡ്മിഷൻ) അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പരീക്ഷാകേന്ദ്രങ്ങളിലുള്ള മാറ്റം പിന്നാലെ അറിയിക്കുന്നതാണ്.

## പരീക്ഷാഫീസ്

2020 ജൂലൈയിൽ ആരംഭിക്കുന്ന കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം – ട്രാൻസിറ്ററി വിദ്യാർത്ഥികൾക്കു മാത്രം) മേഴ്സിചാൻസ്, കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ, മൂന്ന്, നാല്, അഞ്ച്, ആറ്, എട്ട്, ഒൻപത് സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) സപ്ലിമെന്ററി എന്നീ പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂൺ 10 വരെയും 150 രൂപ പിഴയോടെ ജൂൺ 15 വരെയും 400 രൂപ പിഴയോടെ ജൂൺ 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോളേജ് മാറ്റം – അപേക്ഷാ തീയതി നീട്ടി

2020 – 21 അക്കാഡമിക് വർഷത്തിലെ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്) കോഴ്സുകളുടെ കോളേജ് മാറ്റത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി വിജ്ഞാപന പ്രകാരം 2020 ഏപ്രിൽ 30 ആയിരുന്നത് 2020 ജൂൺ 20 വരെ നീട്ടിയിരിക്കുന്നു.

2020 – 21 അക്കാഡമിക് വർഷത്തിലെ മൂന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്) കോഴ്സുകളുടെ കോളേജ് മാറ്റത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2020 ജൂൺ 30 വരെ നീട്ടിയിരിക്കുന്നു. വിജ്ഞാപനവും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

തിരുവനന്തപുരം
03.06.2020

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**